"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

**സാമൂഹ്യനീതി വകുപ്പ് - ട്രാൻസ്ജെൻഡർ ക്ഷേമം - ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി ആരംഭിക്കുന്നതിനുള്ള അനുമതിയും ഫണ്ടും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**സാമൂഹ്യനീതി (എ) വകുപ്പ്**

G.O.(Rt) No.74/2022/SJD തീയതി,തിരുവനന്തപുരം, 17-03-2022

---

പരാമർശം:-

1. സാമൂഹ്യനീതി ഡയറക്ടറുടെ 25/01/2022 തീയതിയിലെ SJD/314/2022-C3 നം കത്ത്
2. 15/02/2022 -ൽ ചേർന്ന വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം
3. സാമൂഹ്യനീതി ഡയറക്ടറുടെ 07/03/2022 തീയതിയിലെ SJD/1648/2021-PC2 നം കത്ത്

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പ് മുഖേന പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗമെന്ന നിലയിൽ ടാൻസ്ജെൻഡർ സമൂഹത്തിന്റെ ഉന്നമനത്തിനായും THE TRANSGENDER PERSONS (PROTECTION OF RIGHTS) ACT 2019 ൽ നിഷ്കർഷിച്ചിട്ടുള്ള തുല്യ അവകാശം ഉറപ്പാക്കുന്നതിന്റെയും ഭാഗമായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.ടാൻസ്ജെൻഡർ വ്യക്തികളിൽ ഭൂരിഭാഗം പേരും സ്വന്തം കുടുംബങ്ങളിൽ നിന്നും പുറത്താക്കപ്പെട്ട് ഒറ്റപ്പെട്ടു കഴിയുന്നവരും നിരാശ്രയ സാഹചര്യത്തിൽ ജീവിക്കുന്നവരും ആണ്.2015 ൽ ട്രാൻസ്ജെൻഡർ നയം രൂപീകരിക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്ത് നടപ്പിലാക്കിയ സർവ്വേയുടെ അടിസ്ഥാനത്തിൽ 51 ശതമാനത്തോളം ട്രാൻസ്ജെൻഡർ വ്യക്തികളും സ്വന്തം കുടുംബങ്ങളിൽനിന്ന് സ്വത്വം വെളിപ്പെടുത്തിയതിന്റെ പേരിൽ പുറത്താക്കപ്പെട്ടവർ ആണെന്ന് കണ്ടെത്തുകയുണ്ടായി. ഇത്തരം വ്യക്തികൾ സ്വന്തമായി ജീവനോപാധി ഇല്ലാത്തതിനാൽ പല വ്യക്തികളുടെയും സംഘടനകളുടെയും ചൂഷണത്തിന് വിധേയരാക്കപ്പെടുകയും തൽഫലമായി സമൂഹം അംഗീകരിക്കാത്ത തൊഴിലിൽ ഏർപ്പെട്ട് ജീവിക്കേണ്ടിയും വരുന്നുണ്ട്. ടി സാഹചര്യത്തിൽ സ്വന്തമായി ജീവിതമാർഗം ഇല്ലാത്ത ടാൻസ്ജെൻഡർ വ്യക്തികളെ സ്വയം പ്രാപ്തരാക്കുന്നതിന് സഹായിക്കുന്നതിനായി തൊഴിൽ പരിശീലനം നൽകുന്ന ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും ആയതിലേക്ക് ആവശ്യമായ 25,20,000 രൂപ അനുവദിക്കണമെന്നു പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സാമൂഹ്യനീതി ഡയറക്ടറുടെ പ്രൊപ്പോസൽ 15/02/2022 ൽ ചേർന്ന വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇനം 1 ആയി പരിഗണിച്ച് അംഗീകരിച്ചിട്ടുണ്ട്.

3) ടി സാഹചര്യത്തിൽ സ്വന്തമായി ജീവിതമാർഗം ഇല്ലാത്ത ടാൻസ്ജെൻഡർ വ്യക്തികളെ സ്വയം പ്രാപ്തരാക്കുന്നതിന് സഹായിക്കുന്നതിനായി തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതിയും ആയതിലേക്ക് ആവശ്യമായ **25,20,000** രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ട്രാൻസ്ജെൻഡർ ക്ഷേമപദ്ധതിക്കായുള്ള 2235-60-200-64 (P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവാകുന്നു.പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA S
JOINT SECRETARY

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ / (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യവകുപ്പ്

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

സാമൂഹ്യനീതി (സി) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ വിഭാഗം) വകുപ്പ്

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി

### ആമുഖം

ട്രാൻസ്ജെൻഡർ വ്യക്തികളിൽ ഭൂരിഭാഗംപേരും സ്വന്തം കുടുംബത്തിൽ നിന്ന് പുറത്താക്കപ്പെട്ട് ഒറ്റപ്പെട്ട് കഴിയുന്നവരും വിവിധ വ്യക്തികളുടെയും സംഘടനകളുടെയും ചൂഷണത്തിന് വിധേയമാക്കപ്പെട്ട് ജീവിക്കുന്നവരും ആണ്. അതുകൊണ്ടുതന്നെ സമൂഹം അംഗീകരിക്കാത്ത തൊഴിലുകളിൽ ഏർപ്പെട്ടു ജീവിക്കേണ്ടി വരുന്ന സാഹചര്യവും നിലവിലുണ്ട് . ഇത്തരം പ്രവർത്തികളിൽ നിന്ന് ടി വ്യക്തികളെ മോചിപ്പിക്കുന്നതിലേക്ക് ടിയാളുകൾക്ക് അവരുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിലിൽ പരിശീലനം നൽകി സ്വയം പ്രാപ്തരാക്കി ജീവിക്കുന്നതിനു സന്ദർഭമൊരുക്കേണ്ടതുണ്ട്.

ട്രാൻസ്ജെൻഡർ സമൂഹത്തിൻറെ ഉന്നമനത്തിനും ക്ഷേമത്തിനുമായി സാമൂഹ്യനീതി വകുപ്പ് വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ റൈറ്റ് അപ്പ് ൽ ടി വ്യക്തികൾക്ക് തൊഴിൽ പരിശീലനത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.

### ഉദ്ദേശലക്ഷ്യങ്ങൾ

1. വീട്ടിൽ നിന്നും പുറത്താക്കപ്പെട്ട നിരാലംബരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നതിനായി അവരുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ പരിശീലനം നൽകുക.

2).സ്വന്തമായി ജീവിതോപാധി കണ്ടെത്താനാകാത്ത ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ജീവിത മാർഗം ഒരുക്കുക.

3) സമൂഹം അംഗീകരിക്കാത്ത തൊഴിൽ ചെയ്ത് ജീവിക്കുന്നതിൽ നിന്നും മോചിപ്പിച്ച് സ്വയം പ്രാപ്തരാക്കുന്നതിനു സഹായിക്കുക.

### രീതിശാസ്ത്രം

ട്രാൻസ്ജെൻഡർ വ്യക്തികളുടെ അഭിരുചിക്കനുസരിച്ചുള്ള ഏത് തൊഴിൽ പരിശീലന കോഴ്സുകൾക്കും ചേരാവുന്നതാണ്. ഓരോ ജില്ലയിൽ നിന്നും 10 വീതം വ്യക്തികൾക്ക് DSJO വിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരിശീലകരെയും, ടി കോഴ്സുകൾ നടത്തുന്ന ഗവൺമെൻറ് സ്ഥാപനത്തിൽ നിന്നോ അംഗീകാരമുള്ള /രജിസ്റ്റേഡ് പ്രൈവറ്റ് സ്ഥാപനങ്ങളിൽ നിന്നോ ലഭ്യമാക്കുന്ന ഫീസ് ഡീറ്റെയിൽസ് അനുസരിച്ചുള്ള തുക അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്

അനുവദിക്കുന്നതാണ്. 50 ശതമാനം വീതം രണ്ട് ഗഡുക്കളായി തുക സ്ഥാപനത്തിനു അനുവദിക്കുന്നതാണ്. ആദ്യ ഗഡു, പരിശീലനത്തിന് ജോയിൻ ചെയ്യുമ്പോഴും രണ്ടാംഘട്ടം പരിശീലനം പൂർത്തിയാകുമ്പോഴും അനുവദിക്കും. ടി പരിശീലനത്തിനു ചേരുന്ന വ്യക്തികൾക്ക് ഒരു നിശ്ചിത തുക സ്റ്റൈപ്പെൻന്റ് ആയി പഠനോപകരണങ്ങൾ വാങ്ങുന്നതിനും അനുവദിക്കുന്നതാണ്.

**മാർഗനിർദേശങ്ങൾ**

1. ഓരോ ജില്ലകളിൽ നിന്നും പത്ത് വ്യക്തികളെ വീതം തിരഞ്ഞെടുക്കാവുന്നതാണ്.

2.ഓരോ വ്യക്തിയുടേയും അഭിരുചിക്കനുസരിച്ചുള്ള കോഴ്സ് തിരഞ്ഞെടുക്കാവുന്നതാണ്

3.കോഴ്സ് നൽകുന്ന ഗവൺമെൻറ് സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുക.

4.വൊക്കേഷണൽ ട്രൈനിംഗ് നൽകിവരുന്ന സർക്കാർ ഏജൻസികൾ മുഖേന പദ്ധതി നടപ്പിലാക്കാവുന്നതാണ്

5.കോഴ്സുകൾ ലഭ്യമാക്കുന്ന ഗവൺമെൻറ് രജിസ്ട്രേഷൻ ഉള്ള പ്രൈവറ്റ് സ്ഥാപനങ്ങളിലും പഠനം നടത്താവുന്നതാണ്.

6. course കളിൽ ചേരുന്നതിനു വിദ്യാഭ്യാസയോഗ്യത നിർബന്ധമാക്കേണ്ടതില്ല.

7. പരിശീലനം നേടിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**സാമ്പത്തിക വിശകലനം**

കോഴ്സ്ഫീ Rs. 15000 x 10 x 14 -Rs. 21,00,000/-

സ്റ്റൈപ്പെൻഡ് Rs. 3000 x 10 x 14 – Rs. 4,20,000/-(പഠനോപകരണങ്ങൾ വാങ്ങുന്നതിന്)

**ആകെ 25,20,000/- രൂപ മാത്രം**